300|ഒക്ട|18

ഭരണഭാഷ - മാതൃഭാഷ

ചീഫ് എഞ്ചിനീയറുടെ കാര്യലയം
തദ്ദേശസ്വയം ഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാംനില
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം

Phone : 0471-2324951
0471-2325071
Tele FAX: 0471-23249
email: celsgd@gmail.com
website: www.celsgd.com

ഡിബി1/7942/2010/സിഇ/എൽ.എസ്.ജി.ഡി

തീയതി: 25/10/2018

## സർക്കുലർ

വിഷയം:- തദ്ദേശസ്വയം ഭരണ വകുപ്പ് - എഞ്ചിനീയറിംഗ് വിഭാഗം - മരാമത്ത് പ്രവൃത്തികൾ - ഇ-ടെണ്ടർ രേഖകളുടെ പകർപ്പ് സമർപ്പിക്കുന്നത് ഒഴിവാക്കുന്നത് - സംബന്ധിച്ച്

സൂചന:- ഇ-ടെണ്ടറുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിളിച്ച് ചേർത്ത 09.07.2015 ലെ യോഗ നടപടിക്രമം.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്ത് പ്രവൃത്തികൾ ഇ-ടെണ്ടർ ചെയ്യുമ്പോൾ ഇ-ടെണ്ടറിൽ Online ആയി സമർപ്പിച്ച രേഖകളുടെ പകർപ്പുകൾ (Hard Copy) സമർപ്പിക്കുന്നതിന് നിഷ്കർഷിക്കാറുണ്ട്. ഇപ്രകാരം രേഖകൾ സമർപ്പിക്കാത്ത കരാറുകാരുടെ ടെണ്ടറുകൾ ചില അവസരങ്ങളിൽ നിരസിക്കുകയാണ് ചെയ്യാറുള്ളത്. കൂടാതെ ഇപ്രകാരം രേഖകൾ ആവശ്യപ്പെടുന്നത് മൂലം, ഇ-ടെണ്ടറിന്റെ സുതാര്യത നഷ്ടപ്പെടുകയും ഇ-ടെണ്ടർ നടപ്പാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യവും ഇല്ലാതാവുകയും ചെയ്യുന്നു. ടി സാഹചര്യത്തിൽ ചുവടെ സൂചിപ്പിക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഇ-ടെണ്ടർ തുറക്കുന്ന സമയത്ത് ടെണ്ടർ രേഖകൾ സമർപ്പിക്കാത്ത കരാറുകാർ ഉൾപ്പെടെയുള്ള (തുറന്ന് പരിശോധിക്കാൻ പാടില്ലാത്ത സിംഗിൾ ടെണ്ടർ ഒഴികെ) എല്ലാ കരാറുകാരുടേയും ദർഘാസുകൾ തുറന്ന് പരിശോധിക്കേണ്ടതാണ്.
2. ഇ-ടെണ്ടർ തുറന്നതിന് ശേഷം ടെണ്ടർ രേഖകൾ സമർപ്പിക്കാത്ത എല്ലാ കരാറുകാർക്കും ടി രേഖകൾ സമർപ്പിക്കുന്നതിന് നോട്ടീസ് നൽകേണ്ടതാണ്. ഇപ്രകാരം നോട്ടീസ് നൽകിയിട്ടും രേഖകൾ സമർപ്പിക്കാത്ത കരാറുകാരുടെ ഇ.എം.ഡി കണ്ടുകെട്ടേണ്ടതും ആകുന്നു.
3. കരാറുകാരൻ രേഖകൾ സമർപ്പിക്കാത്തത് ആവർത്തിക്കുന്ന പക്ഷം ടി കരാറുകാരെ ബ്ലാക്ക് ലിസ്റ്റ് ചെയ്യുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
4. മേൽ നിബന്ധനകൾ Notice Inviting Tender (NIT) യിലും ഉൾപ്പെടുത്തേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ്: എല്ലാ തദ്ദേശസ്വയംഭരണ സാങ്കേതിക വിഭാഗം മേധാവികൾക്കും